## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1300** — **06.03.2018 ൽ മറുപടിയ്ക്ക്**

# കാർഷിക വികസന സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.റോജി എം. ജോൺ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കർഷകരെ ഉൾപ്പെടുത്തി കൃഷിഭവനുകളിൽ രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത്തല കാർഷിക വികസന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കൃഷിഭവൻ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ, ഗുണഭോക്താക്കളെ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് എന്നിവയിൽ പ്രസ്തുത സമിതികളുടെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ; | ബി) | എല്ലാ വകുപ്പ് പദ്ധതികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളും സമിതികളിൽ ചർച്ച ചെയ്യുന്നു. പദ്ധതി നടപ്പാക്കൽ രീതികളെ കുറിച്ച് സമിതിയിൽ വിശദീകരണവും ചർച്ചയും നടക്കാറുണ്ട്. ഇതിലൂടെ വിവിധ കർഷകരിലേക്കും കർഷക സംഘടനകളിലേക്കും പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ എത്തിച്ചേരുന്നു. ഇങ്ങനെ ഏറ്റവും അർഹരായ ഗുണഭോക്താക്കളെ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും സാധിക്കുന്നു. കൂടാതെ സുതാര്യവും സമയബന്ധിതവുമായി പദ്ധതി നടത്തിപ്പ് സാധ്യമാവുകയും ചെയ്യുന്നു. |
| സി) | പ്രസ്തുത സമിതികൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലായെന്നും യോഗങ്ങളിൽ പ്രതിനിധികൾ പങ്കെടുക്കുന്നില്ലായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉതകുന്ന രീതിയിൽ ഇവയെ പുനസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ? | ഡി) | 07.11.2016-ലെ സ.ഉ (എം.എസ്) നം. 150/16/കൃഷി ഉത്തരവ് പ്രകാരം കാർഷിക വികസന സമിതികൾ പുനരുജ്ജീവിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ജില്ലാതല, ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിതല വികസന സമിതികൾ പുനസംഘടിപ്പിച്ച് വികസന സമിതികൾ കൂടുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**